(ഡി) വീടു പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 15,000/ രൂപയും, ഭാഗികമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 5,000/ രൂപയും നഷ്ടത്തിന്റെ തോതനുസരിച്ച് വീട് പണിയാൻ ധനസഹായം നൽകുന്നുണ്ട്.

(ഇ) 'എ' -യിൽ പറഞ്ഞ പ്രകാരം സൗജന്യ റേഷൻ അനുവദിച്ചു നൽകി ഉത്തരവായിട്ടുണ്ട്.

18 (*138) വൈദ്യുതി ചാർജ്ജ് വർദ്ധനയോടനുബന്ധിച്ച് വ്യവസായങ്ങൾക്ക് ധനസഹായം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.സി ജോസഫ് :

ശ്രീ. എ. കെ. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലായി നടപ്പാക്കിയ വൈദ്യുതി ചാർജ് വർദ്ധന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് പറയുമോ;

(ബി) ഈ വർദ്ധന മൂലം അവയുടെ പ്രവർത്തനഫലത്തിൽ എന്ത് നഷ്ടം അധികമായി ഉണ്ടാകാനിടയുണ്ട്;

(സി) ഈ നഷ്ടം നികത്തുവാൻ ഗവൺമെന്റ് അവയ്ക്ക് പ്രത്യേക ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉൽപ്പാദനചെലവിൽ വർദ്ധനയുണ്ടാകും. ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചാൽ വിപണനമാന്ദ്യം സംഭവിക്കാനുമിടയുണ്ട്.

(ബി) ഉദ്ദേശം 36 കോടി രൂപ

(സി)&(ഡി) പരിശോധിച്ചുവരുന്നു.

19 (*139) കാലവർഷക്കെടുതികൾക്കെതിരെ മുൻകരുതൽ നടപടികൾ

ശ്രീ. കെ. സി വേണുഗോപാൽ :

ശ്രീ. പാലോട് രവി :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി ശോഭനാജോർജ്ജ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്ത മഴയെത്തുടർന്നുണ്ടായ കെടുതികൾക്കിരയായവർക്ക് ഏർപ്പെടുത്തിയ ആശ്വാസനടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാലവർഷം ആരംഭിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ ഏർപ്പെടുത്തിയ മുൻകരുതൽ നടപടികൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അണക്കെട്ടുകളിൽ നിന്നും തുറന്നുവിടുന്ന അധികജലം മൂലമുണ്ടാകാനിടയുള്ള പ്രളയക്കെടുതികൾ നേരിടാൻ മുൻകരുതലുകൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കടലാക്രമണ ഭീഷണിയിൽനിന്നും തീരദേശവാസികളെ സംരക്ഷിക്കാൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മായിൽ) :

(എ) കാലവർഷംമൂലം ദുരിതം അനുഭവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി സംസ്ഥാനത്ത് 414 ദുരിതാശ്വാസകേന്ദ്രങ്ങൾ തുറന്നു. 14300 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. അവർക്ക് ആഹാരം, വൈദ്യസഹായം എന്നിവ നൽകി. നാലുകേന്ദ്രങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു. സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ ഇപ്പോഴും കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിക്കുന്നു. മരണമടഞ്ഞ പ്രായപൂർത്തിയായ ആളിന്റെ കുടുംബത്തിന് 25,000/- രൂപയും, കുട്ടികളുടെ കുടുംബത്തിന് 10,000/- രൂപയുമാണ് നൽകിവരുന്നത്. പരിക്ക് പറ്റുന്നവർക്ക് സർക്കാർ ആശുപത്രിയിൽ ചികിൽസ ലഭ്യമല്ലെങ്കിൽ പരമാവധി 1,500/- രൂപവരെയും നൽകുന്നുണ്ട്. ഈ വർഷത്തെ കാലവർഷക്കെടുതിയിൽ മരണമടയുന്ന മുതിർന്നവരുടെ കുടുംബങ്ങൾക്ക് 30,000/- രൂപ വീതം നൽകാൻ ഇപ്പോൾ ഉത്തരവായിട്ടുണ്ട്.

കൃഷിനാശത്തിന്റെ യഥാർത്ഥ കണക്കുകൾ തിട്ടപ്പെടുത്തി ജില്ലാകളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് സഹായം നൽകുന്നതാണ്.

(ബി) കാലവർഷം മുന്നിൽ കണ്ടുകൊണ്ട് കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തന സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻ കടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടിവന്നാൽ ഉപയോഗിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി അവ ദുരിതാശ്വാസ കേന്ദ്രങ്ങളായി ഉപയോഗിക്കാനായി സജ്ജമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപാർപ്പിക്കുവാനും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനുമായി ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ മൂലം ഉണ്ടാകുന്ന ഗതാഗത തടസം ഉടനടി നീക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകണമെന്നും ഗതാഗതം പുനസ്ഥാപിക്കുംവരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിനുപകരം സംവിധാനം കണ്ടെത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കൺട്രോൾറൂമുകൾ തുറന്നു പ്രവർത്തിച്ചുവരുന്നു.

(സി) നദികളുടെയും തോടുകളുടെയും തീരത്ത് താമസിക്കുന്നവർ പ്രളയജലം തുറന്നുവിടുമ്പോൾ ജാഗരൂഗമായിരിക്കണമെന്നും, മാറി താമസിച്ചു കൊള്ളേണ്ടതാണെന്നും, മാദ്ധ്യമങ്ങൾ മുഖേന മുന്നറിയിപ്പ് നൽകാറുണ്ട്. മുന്നറിയിപ്പു നൽകുന്നതിനായി മുൻകരുതൽ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെയും ദുരിതാശ്വാസ കേന്ദ്രങ്ങളിൽ മാറ്റി പാർപ്പിക്കാനുള്ള സജ്ജീകരണങ്ങൾ ജില്ലാ കളക്ടർമാർ ചെയ്യുന്നുണ്ട്.

20 (*140) കുടുംബശ്രീ പദ്ധതി

ശ്രീ. പി. നാരായണൻ :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. യു.എസ് ശശി :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീ. സി. എൻ ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതി പൂർണ്ണമായും നടപ്പാക്കി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൻ കീഴിൽ ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല

(ബി) ഒരു വർഷത്തിനകം ഈ പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കാൻ സാധിക്കും.

(സി) ഈ പദ്ധതിയിൻ കീഴിൽ ക്ലേശം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

1. സ്വന്തമായി വീടില്ലാത്തവർ.
2. നഗരപ്രദേശങ്ങളിൽ വീടിന് 150-ഉം ഗ്രാമപ്രദേശങ്ങളിൽ 300- ഉം മീറ്ററിനുള്ളിൽ ശുദ്ധജലം ലഭ്യമാകാത്തവർ.
3. കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തവർ
4. വീട്ടിലെ പ്രായപൂർത്തിയായ -ഒരംഗം എങ്കിലും നിരക്ഷരായ കുടുംബം
5. കുടുംബത്തിന്റെ വരുമാനത്തിനായി ഒരേയൊരു അംഗത്തെ മാത്രം ആശ്രയിക്കുന്ന കുടുംബം.
6. ദിവസം രണ്ടു നേരത്തെ ഭക്ഷണത്തിനെങ്കിലും വകയില്ലാത്തവർ.
7. അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം.
8. കുടുംബത്തിലെ ഏതെങ്കിലും ഒരു വ്യക്തി മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെടുക.
9. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം

LIBRARY ARCHIVES Kerala Legislative Assembly